**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3649. 25.06.2013 ൽ മറുപടിയ്ക്ക്.

കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ പരിശീലനത്തിനുള്ള സ്ഥലമെടുപ്പ്

| ചോദ്യം<br>ഡോ. കെ.ടി. ജലീൽ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) എടപ്പാളിലെ കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ പരിശീലനത്തിനുള്ള സ്ഥലമെടുപ്പ് നടത്തിയപ്പോൾ അതിൽ കണ്ടനകം മാണൂർ കാട്ടിൽ സ്ഥിതി ചെയ്യുന്ന വെള്ളമുള്ള കരിങ്കൽ ക്വാറിയും ഉൾപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) പ്രസ്തുത സ്ഥലം വേലികെട്ടി ഉപയോഗിക്കാൻ കഴിയാത്ത രീതിയിലാണോ സ്ഥിതി ചെയ്യുന്ന ത് എന്ന് പരിശോധിച്ചിട്ടുണ്ടോ ; | (ബി) | പ്രസ്തുത സ്ഥലം വേലികെട്ടി ഉപയോഗിക്കാവുന്നതാണ്. |
| (സി) പ്രസ്തുത കരിങ്കൽ ക്വാറിയിൽ നിന്നുമുള്ള വെള്ളമാണ് കണ്ടനകം 10 സെന്റ് കോളനിയിലെ ആളുകൾ പ്രാഥമികാവശ്യത്തിനായി ഉപയോഗിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) എങ്കിൽ പ്രസ്തുത കരിങ്കൽ ക്വാറി പൊതുജനങ്ങൾക്ക് ഉപയോഗിയ്ക്കാൻ പൊതുകുളമാക്കി മാറ്റുന്നതിന് വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഈ ക്വാറി ഉൾപ്പെട്ട സ്ഥലം ഇപ്പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ചിന്റെ കൈവശമാണ്. മഴക്കാലത്തുമാത്രമേ ഈ ക്വാറിയിൽ വെള്ളം ഉണ്ടാകാറുള്ളൂ. നിലവിൽ ഈ സ്ഥലത്ത് കുടിവെള്ളം ഇല്ലാത്തതിനാൽ ഭാരതപ്പുഴയിൽ നിന്നും വെള്ളം പമ്പ് ചെയ്ത് കൊണ്ടുവരുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ക്വാറിയിൽ ശേഖരി |

| | | |
|---|---|---|
| | | ക്കപ്പെടുന്ന വെള്ളം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന ഡ്രൈവർമാരുടെ ഉപയോഗത്തിന് ആവശ്യമുണ്ട്.<br>ആയതിനാൽ ഈ ക്വാറി പൊതുജനങ്ങളുടെ ആവശ്യത്തിന് വേണ്ടിയുള്ള പൊതുജലാശയമാക്കി മാറ്റുന്നതിന് വിട്ടു നൽകാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ.